**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഡോ. ബേബി സോയ എം. കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1159/2019 ഹർജിയിന്മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ 08/12/2023-ലെ വിധിന്യായം നടപ്പിലാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.4593/2024/ധന തിരുവനന്തപുരം, തീയതി: 12/06/2024**

---

പരാമർശം:- OA 1159/2019 ഹർജിയിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/12/2023-ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഡി.സി.ആർ.ജി അനുവദിക്കുന്നതിന് കാലതാമസം വന്നതിനെതിരെ ആരോഗ്യ വകുപ്പിൽ നിന്നും 31/12/2007-ൽ അഡീഷണൽ ഡയറക്ടറായിരിക്കെ വിരമിച്ച ഡോ. ബേബി സോയ എം. കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA 1159/2019 ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജിയിലെ ബഹു. ട്രൈബ്യൂണലിന്റെ 18/06/2019-ലെ ഇടക്കാല ഉത്തരവിൽ അപേക്ഷകയ്ക്ക് അർഹതപ്പെട്ട മുഴുവൻ ഡി.സി.ആർ.ജി തുകയും അനുവദിക്കുന്നതിനു ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് അനുവദനീയമായ മുഴുവൻ ഡി.സി.ആർ.ജി തുകയും 21/08/2019-നു വിതരണം ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം പ്രകാരമുള്ള അന്തിമ ഉത്തരവിൽ അപേക്ഷകയ്ക്ക് ഡി.സി.ആർ.ജി അനുവദിക്കാൻ കാലതാമസം വന്ന 31/12/2010 മുതൽ 21/08/2019 വരെയുള്ള കാലയളവിലേയ്ക്ക് ഡി.സി.ആർ.ജി തുകയ്ക്ക് 6% പലിശ അനുവദിക്കുവാൻ എതിർകക്ഷികൾക്ക് ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ. ബേബി സോയ എം. കെ.-യ്ക്ക് ഡി.സി.ആർ.ജി അനുവദിക്കാൻ കാലതാമസം വന്ന 31/12/2010 മുതൽ 21/08/2019 വരെയുള്ള കാലയളവിലേയ്ക്ക് ഡി.സി.ആർ.ജി തുകയ്ക്ക് 6% പലിശയായി **1,71,143/- രൂപ** അനുവദിച്ചുകൊണ്ടും പ്രസ്തുത തുക '2071-01-104-88-(NC) Interest charges on delay in settling gratuity' എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് ഡോ. ബേബി

സോയ എം. കെ.-യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (A/c No.10044091200, Name of Bank – SBI, CEPZ Kakkanad Branch, IFSC - SBIN 0009485) നിക്ഷേപിയ്ക്കുവാൻ തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഡോ. ബേബി സോയയ്ക്ക് ഡി.സി.ആർ.ജി വിതരണം ചെയ്യാൻ വൈകിയതു കാരണം പലിശ ഇനത്തിൽ അനുവദിക്കുന്ന തുക ഡി.സി.ആർ.ജി യഥാസമയം അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവാനും നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി. അജയകുമാർ**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം.
3. ഡോ. ബേബി സോയ എം. കെ, KRA-33, കളരിക്കൽ, കുന്നുംപുറം, പഴയ കളക്ടറേറ്റ് റോഡ്, കാക്കനാട് പി. ഒ, എറണാകുളം – 682030.
4. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പാലസ് പി. ഒ, തിരുവനന്തപുരം.
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
7. ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ് (E-1256638)
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E-2690820).

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**